# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.04.2025**

## പ്രധാനവാർത്തകൾ

1. തീവ്രവാദത്തിനെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രസർക്കാർ. അതിർത്തി മേഖലകളിൽ ജാഗ്രത ശക്തമാക്കാൻ നിർദ്ദേശം
2. പഹൽഗാമിൽ ഭീകരാക്രമണത്തിൽ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന് ജന്മനാടിൻറെ അന്ത്യാഞ്ജലി. സംസ്കാര ചടങ്ങുകൾ പുരോഗമിക്കുന്നു.
3. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1396 കോടി രൂപ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ.
4. ബഹിരാകാശ വൈദ്യശാസ്ത്ര സഹകരണം സംബന്ധിച്ച് ഐഎസ്ആർഒയും ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു.
5. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 1

**പഹൽഗാം - സർവകക്ഷി യോഗം**

തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ കേന്ദ്ര സർക്കാരിന് പൂർണ്ണ പിന്തുണ ഉറപ്പ് നൽകി രാജ്യത്തെ രാഷ്ട്രീയ

RNU TVPM

പാർട്ടികൾ. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് സമുച്ചയത്തിൽ സർക്കാർ വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിലാണ് പിന്തുണ അറിയിച്ചത്. സർക്കാർ കൂടുതൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി കിരണ് റിജിജു മാധ്യമങ്ങളോട് പറഞ്ഞു. അതിർത്തി മേഖലകളിൽ ജാഗ്രത ശക്തമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭീകരാക്രമണത്തെ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരും അപലപിക്കുന്നുവെന്നും ഏത് നടപടി സ്വീകരിക്കുന്നതിനും പ്രതിപക്ഷം സർക്കാരിന് പൂർണ്ണ പിന്തുണ നൽകുമെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

RNU TVPM

ഹെഡ് ലൈൻ – 2

**<u>എൻ. രാമചന്ദ്രൻ – ആദരാഞ്ജലി</u>**

പഹൽഗാമിൽ ഭീകരാക്രമണത്തിൽ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന് ജന്മനാടിൻറെ അന്ത്യാഞ്ജലി. ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ രാവിലെ എത്തിച്ച മൃതദേഹത്തിൽ സമൂഹത്തിൻറെ നാനാതുറകളിൽ പെട്ടവർ അന്തിമോപചാരം അർപ്പിച്ചു. സംസ്ഥാന ഗവർണർ രാജേന്ദ്ര അർലേക്കർ, ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള, മന്ത്രിമാരായ പി രാജീവ്, എ കെ ശശീന്ദ്രൻ, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ഉൾപ്പെടെ അനേകം പേർ രാമചന്ദ്രന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു. പൊതു ദർശനത്തിനുശേഷം മൃതദേഹം സ്വവസതിയിൽ എത്തിച്ചു. തുടർന്ന് ഇടപ്പള്ളി പൊതുശ്മശാനത്തിൽ സംസ്കാരം നടക്കും.

&&&&&&&&&&&&&&&&&&&&&

## <u>പഹൽഗാം – കരസേനാ മേധാവി</u>

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഇന്ന് രാവിലെ ശ്രീനഗറിലെത്തി. ദക്ഷിണ കശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ പഹൽഗാം അദ്ദേഹം സന്ദർശിച്ചേക്കും. സുരക്ഷാ സാഹചര്യത്തെക്കുറിച്ചും തീവ്രവാദികൾക്കെതിരെയുള്ള നടപടികളെക്കുറിച്ചും കരസേനാ മേധാവിയെ ധരിപ്പിക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## <u>സർക്കാർ നിയന്ത്രണങ്ങൾ</u>

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ സിന്ധു നദീജല കരാർ മരവിപ്പിച്ചത് സംബന്ധിച്ച് പാകിസ്ഥാൻ സർക്കാരിന് ഔദ്യോഗിക അറിയിപ്പ് നൽകി ഇന്ത്യ. ഇതുസംബന്ധിച്ച് ജലശക്തി മന്ത്രാലയം സെക്രട്ടറി പാകിസ്ഥാൻ ജല വിഭവ മന്ത്രാലയം സെക്രട്ടറിയ്ക്ക് കത്തയച്ചു.

&&&&&&&&&&&&&&&&&&&&&&

## <u>ഇന്ത്യ-പാക് - വ്യോമപാത</u>

പഹൽഗാം ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാനങ്ങൾ പാകിസ്ഥാൻ വ്യോമ മേഖലയിൽ പ്രവേശിക്കുന്നത് തടഞ്ഞ് പാകിസ്ഥാൻ. ഇതിൻറെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ നിന്നുമുള്ള വിമാനങ്ങൾ ബദൽ വ്യോമപാതകൾ ഉപയോഗിക്കുമെന്ന് വിവിധ എയർലൈൻസുകൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## <u>രാഷ്ട്രപതി - വത്തിക്കാൻ</u>

ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ  രാഷ്ട്രപതി ദ്രൗപതി മുർമു വത്തിക്കാനിലേക്കു പുറപ്പെട്ടു. കേന്ദ്ര  മന്ത്രി കിരൺ റിജിജു,കേന്ദ്ര  സഹമന്ത്രി ജോർജ്ജ് കുര്യൻ, ഗോവ നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ജോഷ്വ ഡി സൂസ എന്നിവരും രാഷ്ട്രപതിക്കൊപ്പമുണ്ട്. അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് തുടങ്ങിയ ലോകനേതാക്കൾ

പങ്കെടുക്കും. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ പങ്കെടുക്കും. സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ നാളെവരെയാണ് പൊതുദർശനത്തിന് ക്രമീകരണം ഒരുക്കിയിരിക്കുന്നത്.നാളെ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെയാണ് സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. നാളെ ഇന്ത്യയിൽ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

<u>ബന്ദിപ്പോര – ഏറ്റുമുട്ടൽ</u>

ജമ്മു കശ്മീരിലെ ബന്ദിപ്പോരയിൽ തീവ്രവാദികളും സുരക്ഷാ സേനയും തമ്മിൽ ഏറ്റുമുട്ടൽ. ബന്ദിപ്പോര ജില്ലയിലെ കുൽനാർ ബാസിപോര പ്രദേശത്ത് തീവ്രവാദികളുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെത്തുടർന്നാണ് സുരക്ഷാ സേന തിരച്ചിൽ നടത്തിയത്. ഒളിച്ചിരിക്കുന്ന തീവ്രവാദികൾ സുരക്ഷാ ഉദ്യോഗസ്ഥർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. ഇതുവരെ ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&&&&&

<u>വയനാട് - കാട്ടാന (ഇൻട്രോ)</u>

വയനാട്ടിൽ തുടർച്ചയായി നടക്കുന്ന കാട്ടാന ആക്രമണത്തിൽ പ്രതിഷേധിച്ചു നാട്ടുകാർ. സൗത്ത് ഡി എഫ് ഓ അജിത്കുമാർ നാട്ടുകാരുമായി നടത്തിയ ചർച്ചകൾക്കൊടുവിലാണ് കഴിഞ്ഞ ദിവസം കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മേപ്പാടി എരുമക്കൊല്ലി സ്വദേശി അർമുഖന്റെ മൃതദേഹം ഇൻക്വസ്റ്റ് നടപടികൾക്കായി വിട്ടുനല്കിയത്. മൃതദേഹം സുൽത്താൻ ബത്തേരി താലൂക് ആശുപത്രിയിൽ പോസ്റ്റുമാർട്ടം നടത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്....**
**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

RNU TVPM

## കാട്ടാന ആക്രമണം - രമേശ് ചെന്നിത്തല

വയനാട് കാട്ടാന ആക്രമണത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കർഷകരുടെ ജീവനും സ്വത്തും
സംരക്ഷിക്കാൻ സർക്കാർ ബാധ്യസ്ഥമാണെന്നും ആദ്ദേഹം കോഴിക്കോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

## ഐഎസ് ആർ ഒ

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയും ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയും തമ്മിൽ ബഹിരാകാശ വൈദ്യശാസ്ത്ര സഹകരണം സംബന്ധിച്ച ധാരണാപത്രം ഒപ്പുവെച്ചു. തിരുവനന്തപുരം ശ്രീചിത്രയിൽ നടന്ന ചടങ്ങിൽ ഐഎസ്ആർഒ ചെയർമാൻ Dr. വി നാരായണനും ശ്രീചിത്ര ഡയറക്ടർ Dr സഞ്ജയ് ബിഹാരിയും ധാരണാപത്രം കൈമാറി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## കോഴിക്കോട് - ജൽ ജീവൻ മിഷൻ (ഇൻട്രോ)

ഗ്രാമീണ ഭവനങ്ങളിൽ പൈപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ നൽകിയത് മൂന്ന് ലക്ഷത്തോളം കണക്ഷനുകൾ. പദ്ധതിയുടെ ഒന്നാംഘട്ടം ജില്ലയിൽ പൂർത്തിയാകുമ്പോൾ 2,84,750 കണക്ഷനുകളാണ് ജല അതോറിറ്റി നൽകിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു**
**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

## മന്ത്രി കെ. എൻ ബാലഗോപാൽ

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1396 കോടി രൂപകൂടി

അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ . ഈ സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ഒന്നാം ഗഡുവാണ് അനുവദിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തെ പ്രധാന പദ്ധതി പ്രവർത്തനങ്ങളിലേക്കും കടക്കാൻ ഇത് സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

<u>മലമ്പനി - വീണാ ജോർജ്ജ്</u>

ഇന്ന് ലോക മലമ്പനി ദിനം. "മലമ്പനി നിവാരണം യാഥാർത്ഥ്യമാക്കാം: പുനർനിക്ഷേപം, പുനർവിചിന്തനം എന്നിവയിലൂടെ പുനരുജ്ജ്വലിപ്പിക്കാം" എന്നതാണ് ഈ വർഷത്തെ പ്രമേയം. കേരളത്തിൽ 2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തി വരുന്നതെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

<u>ഇടുക്കി - ഇരവികുളം (ഇൻട്രോ)</u>

മൂന്നാർ ഇരവികുളം ദേശീയ ഉദ്യാനം സ്ഥാപിച്ച് 50 വർഷം തികയുന്നതിന്റെ ഭാഗമായി വിപുലമായ വരയാടുകളുടെ കണക്കെടുപ്പിന് തയ്യാറെടുത്ത് വനംവകുപ്പ്. കേരളവും തമിഴ്നാടും സംയുക്തമായാണ് വരയാടുകളുടെ കണക്കെടുപ്പ് നടത്തുക. വനംവകുപ്പ് ഉദ്യോഗസ്ഥരും വന്യജീവി കണക്കെടുപ്പിൽ പ്രാവീണ്യമുള്ള വോളണ്ടിയർമാരും ഉൾപ്പെടെ 1300 ഓളം പേരാണ് സെൻസസ് ടീമിലുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ...**
**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&

<u>ആകാശവാണി - സമാപനം</u>

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികാഘോഷങ്ങളുടെ സമാപനം തിങ്കളാഴ്ച വൈകുന്നേരം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം

PNU TVPM

പ്രശസ്ത ചലച്ചിത്ര സംവിധായകനും , തിരക്കഥാകൃത്തും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആന്റണി രാജു എംഎൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം മേധാവി വി. ശിവകുമാർ സ്വാഗതം ആശംസിക്കും. സമാപന ചടങ്ങുകളോടനുബന്ധിച്ച് ആകാശവാണിയുടെ ഫോട്ടോ എക്സിബിഷൻ ടാഗോർ തിയറ്ററിൽ സംഘടിക്കും.

&&&&&&&&&&&&&&&&&&&&&

## അനന്തപുരി എഫ് എം

ഞായറാഴ്ച മുതൽ വിവിത് ഭാരതിയുടെ അനന്തപുരിഎഫ് എമ്മിൽ രാവിലെ 6.45 നും വൈകുന്നേരം 6.30 നും മലയാളം പ്രാദേശിക വാർത്തകൾ പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ – 5

RNU TVPM

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&

## മുതലപ്പൊഴി

മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം വേഗത്തിലാക്കാൻ കണ്ണൂർ അഴീക്കലിൽ നിന്നുമെത്തിക്കുന്ന മാരിടൈം ബോർഡിന്റെ വലിയ ഡ്രഡ്ജർ ഇന്ന് രാവിലെ മുതലപ്പൊഴിയിലെത്തി. ഏറ്റവും വേഗത്തിൽ മണൽനീക്കം സാധ്യമാക്കുക എന്നതാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം.

&&&&&&&&&&&&&&&&&&&&&

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,121 പോയിന്റ് താഴ്ന്ന് 78,665 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 375 പോയിന്റ് നഷ്ടത്തിൽ 23,872 ലും

വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. സ്വർണം ഗ്രാമിന് 9,005 രൂപയും,പവന് 72,040 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് ഈ മാസം 27- ന്. പരിപാടിയുടെ 121-ാമത് പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും, MY GOV ഓപ്പൺ ഫോറത്തിലൂടെയും, നമോ ആപ്പിലൂടെയും, 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഇന്ന് വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&&&&

## ജംഗിൾ ബെൽസ്

സംസ്ഥാന വനം വകുപ്പ് എട്ടു മുതൽ പതിനൊന്നാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്ന പരിസ്ഥിതി പഠന ക്യാമ്പ് ' ജംഗിൾ ബെൽസ് ' അടുത്ത മാസം 14 മുതൽ 17 വരെ തിരുവനന്തപുരത്ത് നടക്കും. പരിസ്ഥിതി, വനം വന്യജിവി സംരക്ഷണ ആശയങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക എന്നതാണ് ക്യാമ്പ് ലക്ഷ്യമിടുന്നത് .

RNU TVPM

&&&&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ്

രാജ്യത്തെ എല്ലാ തിരഞ്ഞെടുപ്പുകളും നിയമപ്രകാരമാണ് നടക്കുന്നതെന്നും ഇതിനെതിരെ പ്രചരിപ്പിക്കുന്ന ഏതൊരു തെറ്റായ വിവരവും നിയമത്തോടുള്ള അനാദരവാണെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ വ്യാപ്തിയും കൃത്യതയും ലോകമെമ്പാടും പരക്കെ പ്രശംസിക്കപ്പെടുന്ന ഒന്നാണ്.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&